(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കുറവാണ് നിയമനത്തിൽ വന്നിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) സർക്കാർ നിയമന നിരോധനം നീട്ടിക്കൊണ്ട് പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2014 ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളുടെ വിവരം ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ എത്ര ശതമാനം കുറവാണെന്ന് പരിശോധിക്കാൻ സാധിക്കില്ല.

(സി) സർക്കാർ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(ഡി) നിലവിലുള്ള എല്ലാ ഒഴിവുകളും 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**തെരഞ്ഞെടുപ്പുകളിൽ നിഷേധ വോട്ടുകൾ ഉൾപ്പെടുത്തുന്നതിന് നടപടി**

**85 (5027)** ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വരുന്ന തെരഞ്ഞെടുപ്പുകളിൽ സംസ്ഥാനത്ത് നിഷേധവോട്ടുകൾ ഉൾപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ; ഇത് സംബന്ധിച്ച ഉചിതമായ തീരുമാനം സംസ്ഥാന തെരഞ്ഞെടുപ്പ് വിഭാഗത്തിന് കൈക്കൊള്ളാൻ വ്യവസ്ഥയുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച ക്ലാസ്സുകളും പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടികളും ഓൺലൈനായി ലഭിക്കുവാനും ടെലികോൺഫറൻസിംഗിലൂടെ സംശയ നിവാരണം വരുത്തുന്നതിനും സംവിധാനം ഒരുക്കുന്നതിന് ശ്രമിക്കുമോ ?

ഉത്തരം

(എ) വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ നിഷേധവോട്ട് ഉൾപ്പെടുത്താൻ ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികളുടെ വീഡിയോ പാഠങ്ങളും പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണ പരസ്യങ്ങളും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. പൊതുജനങ്ങൾക്കുള്ള സംശയ നിവാരണത്തിനായി ഇലക്ഷൻ വകുപ്പിൽ 1950 നമ്പരായുള്ള ടോൾഫ്രീ ടെലിഫോൺ കോൾ സെന്റർ സമ്പ്രദായം പ്രവർത്തിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly